# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 19-ാം തീയതി വെള്ളിയാഴ്ച
(ആകെ ചോദ്യങ്ങൾ -14)

**(553) അന്തർ സംസ്ഥാന ടൂറിസ്റ്റ് ബസ്സ് സർവ്വീസ്**
**(554) കിൻഫ്ര പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് നൽകിവരുന്ന സൗകര്യങ്ങൾ**
**(555) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് വിദഗ്ദ്ധരായ പ്രൊഫഷണൽ മാനേജർമാരെ ഏൽപ്പിക്കുന്നതിന് നടപടി**
**(556) ഐ. ടി. ആക്ട്**
**(557) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി**
**(558) വായ്പാകുടിശ്ശിക വസൂലാക്കാൻ സഹകരണ സംഘങ്ങൾ സ്വീകരിച്ചുവരുന്ന ജപ്തി നടപടികൾ നിറുത്തിവയ്ക്കാനുള്ള നിർദ്ദേശം**
**(559) ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള പര്യവേഷണങ്ങൾ**
**(560) സ്വാശ്രയ സഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള തീരുമാനം**
**(561) ഐ.ടി.ഐ.കൾ നിർത്തലാക്കാനുള്ള തീരുമാനം**
**(562) സ്വാശ്രയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ നടപടി**
**(563) സപെയർ പാർട്സ് പർച്ചേസിലും സ്ക്രാപ്പ് വിൽപ്പനയിലും നടക്കുന്ന കമക്കേടുകൾ**
**(564) കേരളത്തിൽ പ്രവർത്തിക്കുന്ന അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ**
**(565) കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനം**
**(566) ട്രേഡ് യൂണിയൻ റഫറണ്ടം ബിൽ**

### അന്തർ സംസ്ഥാന ടൂറിസ്റ്റ് ബസ്സ് സർവ്വീസ്

553. ശ്രീ. സാജു പോൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി.സി. ജോർജ് :
ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ടൂറിസ്റ്റ് ബസ്സ് സർവ്വീസ് നടത്തുന്നവർ രേഖകളിൽ കൃത്രിമം കാട്ടി ടാക്സ് തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽ നിന്നും മറ്റൊരു ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ലഭിക്കുന്ന വാഹന പെർമിറ്റ് ഉപയോഗിച്ച് ഒരെ നമ്പറിൽ നിരവധി ടൂറിസ്റ്റ് വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്തതായ ഏതെങ്കിലും കേസ് കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) കേരള-കർണ്ണാടക സ്റ്റേറ്റുകളുമായി ബന്ധപ്പെട്ട റൂട്ടിൽ ഒരെ രജിസ്റ്റർ നമ്പരിൽ അനവധി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്ന കമ്പനികൾ ഉണ്ടെന്ന് കർണ്ണാടക ഗതാഗത വകുപ്പ് കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**
**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഇതേപ്പറ്റിയുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### കിൻഫ്ര പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് നൽകിവരുന്ന സൗകര്യങ്ങൾ

554. ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ടി. എച്ച് മുസ്തഫ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര പാർക്കുകളിൽ വ്യവസായസംരംഭകർക്ക് എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്;

(ബി) കിൻഫ്രയുടെ വ്യവസായപാർക്കുകളിൽ വ്യവസായികൾ ആകെ എന്തു തുകയ്ക്കുള്ള നിക്ഷേപം നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലുക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുകയെന്നതാണ് കിൻഫ്രായുടെ പ്രധാന ധർമ്മം.

കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്ന വ്യവസായ സംരംഭകർക്ക് അവരുടെ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, കെട്ടിടം, ജലം, വൈദ്യുതി, വാർത്താവിനിമയം മറ്റ് പൊതു സൗകര്യങ്ങൾ മുതലായവ നൽകി വരുന്നുണ്ട്.

ഇതിനുപുറമേ, കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള ഏകജാലക ക്ലീയറൻസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കിൻഫ്രയുടെ പാർക്കുകളിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ പ്രോജക്ട് റിപ്പോർട്ടുകൾ പ്രകാരമുളള അവരുടെ നിക്ഷേപത്തിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് വിദഗ്ദ്ധരായ പ്രൊഫഷണൽ മാനേജർമാരെ ഏൽപ്പിക്കുന്നതിന് നടപടി

555. ശ്രീ. യു. സി. രാമൻ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിൽ ഐ.എ.എസ്., ഐ.എഫ്.എസ്, ഐ.പി.എസ്., ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് പൂർണ്ണമായും വിദഗ്ദ്ധരായ പ്രൊഫഷണൽ മാനേജർമാരെത്തന്നെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലുക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) കേരളാ സ്റ്റേറ്റ് ഇന്റസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ ഐ.എ.എസ്. കാരാണ്. തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിലെ മാനേജിംഗ് ഡയറക്ടർ റിട്ടയർ ചെയ്ത ഐ.പി.എസ്. ഓഫീസറാണ്. പുനലൂരിലെ ട്രാവൻകൂർ പ്ലൈവുഡ് ഇന്റസ്ട്രീസിന്റെയും കേരളാ സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെയും മാനേജിംഗ് ഡയറക്ടർമാർ ഐ.എഫ്.എസ്. കാരാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ്, പ്രൊഫഷണലുകളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി ചില ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിക്കഴിഞ്ഞു.

## ഐ. ടി. ആക്ട്

556. ശ്രീ. മത്തായി ചാക്കോ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. നയത്തിന്റെ ഭാഗമായി സർക്കാർ ഐ.ടി. ആക്ട് വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ 'ഐ.ടി ആക്ട് 2002' മാതൃകയിൽ സംസ്ഥാനത്ത് നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) സൈബർ കഫേകൾ ഐ.ടി. വിദ്യാഭ്യാസത്തിന്റെ മറവിൽ യുവതീയുവാക്കളെ അനാശാസ്യ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവയുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നിയന്ത്രണം ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതിനും നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനുതകുന്ന സമഗ്രമായൊരു നിയമം കൊണ്ടുവരുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലുക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) കേന്ദ്ര സർക്കാരിന്റെ ഐ.ടി. ആക്ട് 2000 മാതൃകയിൽ സംസ്ഥാനത്ത് നിയമം കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി)യും (ഡി)യും

സൈബർ കഫേകൾ ഐ.ടി. വിദ്യാഭ്യാസത്തിന്റെ മറവിൽ യുവതി യുവാക്കളെ അനാശാസ്യ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നു എന്നതിന് രേഖാമൂലം പരാതികളൊന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. ഇൻഫർമേഷൻ ടെക്നോളജിയുടെ സാദ്ധ്യതകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് ആവശ്യമായ നിയമങ്ങൾ കേന്ദ്ര സർക്കാർ (ഐ. ടി. ആക്ട് 2000) കൊണ്ട് വന്നിട്ടുണ്ട്. പ്രസ്തുത ഐ. ടി. ആക്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പോലീസ് വകുപ്പിന് ഐ.ടി. രംഗത്തുള്ള തെറ്റായ പ്രവണതകൾക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുള്ള സംവിധാനം അപര്യാപ്തമാണ് എന്ന് കണ്ടാൽ ഇക്കാര്യത്തിൽ സംസ്ഥാനത്ത് സമഗ്രമായ ഒരു ഐ. ടി. ആക്ട് കൊണ്ട് വരുന്നതിലേക്ക് നടപടി സ്വീകരിക്കുന്നതാണ്.

## <u>എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി</u>

557. ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. പി. ഗംഗാധരൻ :

ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചതെന്നാണ്; അതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ബി) ഈ സമിതിയുടെ ശുപാർശകൾ എന്നത്തേക്ക് സമർപ്പിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ സമിതിയുടെ ശുപാർശ സംബന്ധിച്ച് ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുമായി ചർച്ചചെയ്യുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലുക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) 8-11-2001-ൽ ആണ് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചുത്തരവായത്. അംഗങ്ങൾ താഴെ പറയുന്നവരാണ്.

ശ്രീ. ആർ സി. ചൗധരി, ഐ.എ.എസ്. (റിട്ടയേർഡ്) - ചെയർമാൻ

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം - മെമ്പർ

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം - മെമ്പർ

ബന്ധപ്പെട്ട ഭരണവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി, - മെമ്പർ

ആസൂത്രണ വകുപ്പ് സെക്രട്ടറി, - മെമ്പർ

നിയമവകുപ്പ് സെക്രട്ടറി, - മെമ്പർ

തൊഴിൽ വകുപ്പ് സെക്രട്ടറി, - മെമ്പർ

സെക്രട്ടറി, ബി.പി.ഇ. - മെമ്പർ

ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി, - മെമ്പർ

കൂടാതെ പാർട്ട്-ടൈം എക്സ്പർട്ട് മെമ്പർമാരായി ശ്രീ. എം. ദാമോദരൻ, ചെയർമാൻ (യു.ടി.എ.), ഡോ. സി. ജി. കൃഷ്ണദാസ് നായർ (മുൻ ചെയർമാൻ, എച്ച്.എ.എൽ.) എന്നിവരെയും നിയമിച്ചിട്ടുണ്ട്.

(ബി) ഈ സമിതി ഒരു സമീപനരേഖ സമർപ്പിക്കുകയും അത് സർക്കാർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടന്നുവരുന്നു.

(സി) സ്ഥാപനങ്ങളുടെ പുനരുദ്ധാരണങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുമ്പോൾ അതാത് പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുന്നുണ്ട്.

## വായ്പാകുടിശ്ശിക വസൂലാക്കാൻ സഹകരണ സംഘങ്ങൾ സ്വീകരിച്ചുവരുന്ന ജപ്തി നടപടികൾ നിറുത്തിവയ്ക്കാനുള്ള നിർദ്ദേശം

558. ശ്രീമതി. ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:
ശ്രീ. പി.സി. ജോർജ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനം നേരിടുന്ന വൻ കാർഷിക തകർച്ചയുടെ ഫലമായി കർഷകർ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വിഷമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വായ്പ കുടിശ്ശിക വസൂലാക്കാൻ സഹകരണ സംഘങ്ങൾ സ്വീകരിച്ചുവരുന്ന ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുമോ;

(സി) കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് വായ്പാ കുടിശ്ശികക്കുള്ള പലിശയും പിഴപ്പലിശയും എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ;

(ഡി) വായ്പയുടെ തിരിച്ചടവിനുള്ള കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം.**

**ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പു മന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വായാപ കുടിശ്ശിക വസൂലാക്കാൻ സഹകരണ സംഘങ്ങൾ സ്വീകരിച്ചുവരുന്ന ജപ്തി നടപടികൾ പൂർണ്ണമായി നിർത്തിവച്ചു. അത് സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. 2001ലെ കേരള കാർഷിക കടക്കാർ (താല്ക്കാലിക ആശ്വാസ) ആക്ട് പ്രകാരം അർഹരായ കർഷകരുടെ (60,000 രൂപ വരെ വാർഷിക വരുമാനം ഉള്ള കർഷകരുടെ ) 50,000/- രൂപവരെയുള്ള വായ്പ കുടിശ്ശികയിൻമേലുള്ള ജപ്തി നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കുന്നതിന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 31.3.2001 വരെ കുടിശ്ശികയായിട്ടുള്ള വായ്പകളുടെ പിഴപലിശ, കൂട്ടുപലിശ ഇവ പൂർണ്ണമായും ഒഴിവാക്കി ഡോക്ക്മെന്റ് നിരക്കോ ഇപ്പോഴുള്ള നിരക്കോ ഏതാണ് കുറവ് , ആ നിരക്കിൽ പലിശ കണക്കാക്കി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള വൺടൈം അനൗൺസ്മെന്റ് പദ്ധതി 1.10.2001 മുതൽ 30.6.02 വരെ വായ്പ സഹകരണ സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2001ലെ കാർഷിക കടക്കാർ (താത്ക്കാലിക ആശ്വാസ) ആക്ട് പ്രകാരം 60,000/- രൂപ വരെ വാർഷിക വരുമാനം ഉള്ള കർഷകർ കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള 50,000/- രൂപവരെയുള്ള വായ്പയിൽ ആക്ട് പ്രാബല്യത്തിൽ വന്ന 29.12.2001ൽ കുടിശ്ശികയായിട്ടുള്ള തുകയ്ക്ക് പിഴപലിശ, കൂട്ടുപലിശ ഇവ പൂർണ്ണമായി ഇളവ് ചെയ്യുകയും 29-12-2001മുതൽ ആറുമാസക്കാലത്തേയ്ക്ക് പലിശ പൂർണ്ണമായി ഒഴിവാക്കി കൊടുക്കുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) 2001ലെ കേരള കാർഷികകടക്കാർ (താൽക്കാലിത ആശ്വാസ) ആക്ട് പ്രകാരം അർഹമായ വായ്പാ കുടിശ്ശികയിൽ ആറ്മാസത്തിനകം ആദ്യഗഡു തുടങ്ങി മുപ്പത് ഗഡുക്കളായി ഇപ്പോഴുള്ള കുറഞ്ഞ പലിശ നിരക്കിൽ വായ്പ തിരിച്ചടയ്ക്കാനുള്ള സാവകാശം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള പര്യവേഷണങ്ങൾ

559. ശ്രീ. വി.കെ. ചന്ദ്രൻ:
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തുമാത്രം സംഭാവനകൾ നൽകുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഖനിജാതിഷ്ഠിത വ്യവസായങ്ങളുടെ സദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള പര്യവേഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ഇതിനകം എന്തെല്ലാം സാദ്ധ്യതകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഖനിജങ്ങളുടെ ഉൽപ്പാദനം, വിപണനം എന്നിവ മുഖേന സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി ഉൾപ്പെടെയുള്ള റവന്യൂ വരുമാത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; ഇവ കൃത്യമായി ശേഖരിക്കപ്പെടുന്നുണ്ടോ;

(ഇ) ഖനിജ പര്യവേഷണ വിഭാഗം ലക്ഷ്യമാക്കിയിട്ടുള്ള പരീക്ഷണങ്ങൾ എന്തെല്ലാമാണ്; ഇവ നടത്തിയിട്ടുണ്ടോ;

(എഫ്) ഏതെല്ലാം നിലയിൽ ഇത് പ്രയോജനപ്പെടുത്തുകയുണ്ടായി?

<u>**ഉത്തരം.**</u>

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മിനറൽ സാന്റ്, ചീനക്കളിമണ്, സിലിക്കാമണൽ, ക്വാർട്ട്സ്, ചുണ്ണാമ്പുകല്ല്, ചുണ്ണാമ്പു കക്ക, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ഗ്രാനൈറ്റ്(വിസ്താവിതാനശിലകൾ) എന്നിവ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളുടെ സാദ്ധ്യത കണ്ടെത്തിയിട്ടുണ്ട്.

(ഡി) റവന്യൂ വരുമാനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇവ കൃത്യമായി ശേഖരിക്കപ്പെടുന്നുണ്ട്.

(ഇ) മാപ്പിംഗ്, സർവ്വെയിംഗ്, പിറ്റിംഗ്, ട്രഞ്ചിംഗ്, ഡ്രില്ലിംഗ് എന്നീ വിധത്തിലുള്ള പരീക്ഷണങ്ങൾ ഖനിജപര്യവേഷണ വിഭാഗം നടത്തി വരുന്നു.

(എഫ്) ഖനിജ നിക്ഷേപങ്ങളുടെ ലഭ്യത, അളവ്, ഗുണമേന്മ എന്നിവയെക്കുറിച്ച് അറിവ് ലഭിക്കുന്നതിനായി ഇത് പ്രയോജനപ്പെടുത്തുന്നു. ഇങ്ങിനെ ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാനത്ത് ഖനിജാധിഷ്ഠിത വ്യവസായങ്ങൾക്കായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## <u>സ്വാശ്രയ സഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള തീരുമാനം</u>

560. ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**ഉത്തരം.**</u>

**ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സർക്കാർ നിയന്ത്രണവും ഓഹരി പങ്കാളിത്തവും ഇല്ലാതിരിക്കുക, സംഘത്തിനുണ്ടാകുന്ന നഷ്ടത്തിന് അംഗങ്ങൾ തുല്യമയി ഉത്തരവാദികളായിരിക്കുക, ആഡിറ്ററെ നിയമിക്കാനുള്ള അധികാരം പൊതുയോഗത്തിനുണ്ടായിരിക്കുക തുടങ്ങിയവയാണ് പ്രത്യേകതകൾ.

## <u>ഐ.ടി.ഐ.കൾ നിർത്തലാക്കാനുള്ള തീരുമാനം</u>

561. ശ്രീ. വി.കെ.സി. മമ്മത്കോയ:

ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീ.കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ ഘട്ടംഘട്ടമായി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം ഐ.ടി.ഐ.കളിലെ യൂണിറ്റുകളിൽ കുറവു വരുത്താൻ നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര യൂണിറ്റുകൾ നിർത്തലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) യൂണിറ്റുകൾ കുറയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

**<u>ഉത്തരം.</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ ഒന്നും തന്നെ നിർത്തലാക്കൻ തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) യും (ഡി)യും ചോദ്യം ഉദിക്കുന്നില്ല.

## സ്വാശ്രയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ നടപടി

562. ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വാശ്രയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സഹകരണ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന് പ്രസ്തുത നിയമം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

**<u>ഉത്തരം.</u>**

**ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സർക്കാർ നിയന്ത്രണവും ഓഹരി പങ്കാളിത്തവും ഇല്ലാതിരിക്കുക, സംഘത്തിനുണ്ടാകുന്ന നഷ്ടത്തിന് അംഗങ്ങൾ തുല്യമായി ഉത്തരവാദികളായിരിക്കുക തുടങ്ങിയ കാര്യങ്ങൾ നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി)യും (ഡി)യും കൂടുതൽ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ കഴിയുമെന്നതിനാൽ പ്രയോജനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സപെയർ പാർട്സ് പർച്ചേസിലും സ്ക്രാപ്പ് വിൽപ്പനയിലും നടക്കുന്ന ക്രമക്കേടുകൾ

563. ശ്രീ. ജോസഫ് എം. പുതുശ്ശേരി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ സ്പെയർ പാർട്സ് പർച്ചേസ് ഇടപാടുകളിലും, സ്ക്രാപ്പ് വിൽപ്പനയിലും വൻ ക്രമക്കേടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗതവകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## കേരളത്തിൽ പ്രവർത്തിക്കുന്ന അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ

564. ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽ കൂടി പ്രവർത്തനമുള്ള എത്ര അന്തർസംസ്ഥാന സഹകരണസംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഈ സംഘങ്ങളുടെ ഓഹരി മൂലധനത്തിനും പ്രവർത്തനത്തിനുമായി എത്രരൂപ ഇതുവരെ ആർ.സി.എസ്, ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എത്ര സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് ;

(ഇ) വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി):-**

(എ) കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും കൂടി പ്രവർത്തിക്കുന്ന അഞ്ച് സംഘങ്ങൾ ഉണ്ട്.

(ബി)
1. ഇൻഡ്യൻ കോഫി മാർക്കറ്റിംഗ് ആന്റ് പ്രോസ്സസിംഗ് കോ-ഓപ്പറേറ്റീവ് ക്ളിപ്തം (കോമാർക്ക്), ഹസ്സൻ, കർണ്ണാടക
2. സെൻട്രൽ അരക്കനട്ട് മാർക്കറ്റിംഗ് ആന്റ് പ്രോസ്സസിംഗ് കോ-ഓപ്പറേറ്റീവ് ക്ളിപ്തം (കാംകോ), മംഗലാപുരം.
3. റിപ്പാർട്രിയേറ്റ് കോ-ഓപ്പറേറ്റീവ് ഫിനാൻസ് ഡവലപ്മെന്റ് ബാങ്ക് ക്ളിപ്തം (റെപ്കോ) ചെന്നൈ, തമിഴ്നാട്.
4. ഫാർമേഴ്സ് ആഗ്രോ പ്രൊഡക്റ്റീവ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സംഘം ക്ളിപ്തം (ഫാംകോ), തൊടുപുഴ.
5. റബ്ബർ മാർക്റ്റിംഗ് ആൻഡ് പ്രോസ്സസിംഗ് സഹകരണസംഘം ലിമിറ്റഡ് (റബ്ടെക് ഇൻഡ്യ ലിമിറ്റഡ്) മംഗലാപുരം.

(സി) ഓഹരിമൂലധനത്തിനും പ്രവർത്തനത്തിനുമായി ആകെ 5.07 കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) റീപ്പാട്രിയേറ്റ് കോ-ഓപ്പറേറ്റീവ് ഫിനാൻസ് ഡവലപ്മെന്റ് ബാങ്ക് മാത്രം ലാഭത്തിൽ പ്രവർത്തിക്കുന്നു.

(ഇ)

| | | |
|---|---|---|
| 1. | കോമാർക്ക് | 10.07 കോടി രൂപ (നഷ്ടം) |
| 2. | കാംകോ | 27.83 കോടി രൂപ (നഷ്ടം) |
| 3. | റെപ്കോ | 3.18 കോടി രൂപ (ലാഭം) |
| 4. | ഫാംകോ | വിവരങ്ങൾ ലഭ്യമല്ല |
| 5 | റബ്ടെക്ഇൻഡ്യ ലിമിറ്റഡ് | വിവരങ്ങൾ ലഭ്യമല്ല |

## കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനം

565. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിതുറമുഖം ചരക്കുകയറ്റിറക്കു കാര്യങ്ങളിൽ പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ചരക്കു കയറ്റിറക്കിന്റെ കാര്യത്തിൽ കൊച്ചിത്തുറമുഖത്തിന്റെ മേൽക്കൈ നഷ്ടപ്പെടുകയും ചെന്നൈ ഉൾപ്പെടെയുള്ള തുറമുഖങ്ങൾ ആ സ്ഥാനം നേടിയെടുക്കുകയും ചെയ്തിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) 1995-ൽ കയറ്റിറക്കുമതിയുടെ 35% കൈകാര്യം ചെയ്തിരുന്ന കൊച്ചി തുറമുഖം കഴിഞ്ഞവർഷം 20 ശതമാനത്തിൽ താഴെ മാത്രമാണ് കൈകാര്യം ചെയ്തത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മനക്കോടം മൈനർ തുറമുഖമായി പ്രഖ്യാപിക്കപ്പെട്ടത് കൊച്ചിത്തുറമുഖത്തിന് ദോഷകരമാകും എന്നു വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി):-**

(എ,ബി&സി) : കേന്ദ്ര സർക്കാരിന്റെ കീഴിലാണ് കൊച്ചി തുറമുഖം പ്രവർത്തിക്കുന്നത്. അതിന്റെ പ്രവർത്തനം സംസ്ഥാനസർക്കാർ വിലയിരുത്താറില്ല.

(ഡി) വിലയിരുത്തിയിട്ടില്ല. കൊച്ചി റിഫൈനറീസ് ലിമിറ്റഡിന്റെ അഭ്യർത്ഥന മാനിച്ച് മനക്കോടം ഒരു ചെറുകിട തുറമുഖമായി സംസ്ഥാനസർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ കൊച്ചി തുറമുഖത്തിന്റെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ വികസനത്തിന് ദോഷകരമാകുമെന്ന് കാണുകയാണെങ്കിൽ ആവശ്യമെങ്കിൽ മനക്കോടം തുറമുഖത്തിന്റെ വിജ്ഞാപനം പിൻവലിക്കാമെന്ന് കേന്ദ്ര ഷിപ്പിംഗ് മന്ത്രിയുടെ കത്തിനു മറുപടിയായി മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്.

## ട്രേഡ് യൂണിയൻ റഫറണ്ടം ബിൽ

566. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രേഡ് യൂണിയൻ റഫറണ്ടം ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ നിയമം എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതിന് പ്രസ്തുത നിയമം എത്രമാത്രം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് ഒരു നിയമനിർമ്മാണം പരിഗണനയിൽ ഉണ്ട്.

(ബി) ഇത് കഴിയുന്നതും വേഗം നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) യൂണിയനുകളുടെ ബാഹുല്യം മൂലം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട വ്യവസായബന്ധം നിലനിർത്തുന്നതിനും പല ബുദ്ധിമുട്ടുകളും ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. പുതിയ നിയമനിർമ്മാണംകൊണ്ട് അവ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുമെന്നും ഇത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ സഹായകമാകും എന്നും പ്രതീക്ഷിക്കുന്നു.

*****